## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3870.** **27.06.2012-ൽ മറുപടിയ്ക്ക്**

## പാൻമസാല, ഗുഡ്ക തുടങ്ങിയ പുകയില ഉല്പന്നങ്ങളുടെ വില്പന തടയുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാൻമസാല നിരോധിച്ചു കൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പുകയില, നിക്കോട്ടിൻ എന്നിവയടങ്ങിയ പാൻ പരാഗ്, ഗുഡ്ക എന്നീ ഉല്പന്നങ്ങൾ അവ ഏതു പേരിലറിയപ്പെട്ടാലും സംസ്ഥാനത്ത് അവയുടെ സംഭരണം, വിതരണം, വില്പന എന്നിവ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 22.05.2012 ലെ എ-1327/സി.എഫ്.എസ്. എന്ന ഉത്തരവ് പ്രകാരം നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ക്യാൻസർ ഉൾപ്പെടെ മാരകമായ രോഗങ്ങൾക്ക് കാരണമായ പാൻമസാല, ഗുഡ്ക തുടങ്ങിയ പുകയില ഉല്പന്നങ്ങളുടെ വില്പന തടയുവാൻ ആവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കുമോ? | (സി) | പാൻമസാല, ഗുഡ്ക തുടങ്ങിയ പുകയിലഉല്പന്നങ്ങളുടെ വില്പന തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ